സ്കൂൾ ബാഗ് വിതരണത്തിന്റെ ദൃശ്യങ്ങൾ...



# സഹോദരിമാർ ആത്മീയ മതിൽ പണിയണം: പാസ്റ്റർ തോമസ് ഫിലിപ്പ്

**തിരുവല്ല:** ഇടിഞ്ഞുകിടക്കുന്ന ആത്മീയമതിൽ പണിയാൻ ക്രിസ്തീയ ഐക്യത്തിലും ദൈവസ്നേഹത്തിലും സഹോദരിമാർ എഴുന്നേൽക്കേണ്ട കാലഘട്ടമാണിതെന്നു പാസ്റ്റർ തോമസ് ഫിലിപ്പ് പ്രസ്താവിച്ചു. ഏപ്രിൽ 9 മുതൽ 11 വരെ കൊമ്പാടിയിൽ ജോസഫ് മാർത്തോമ്മാ ക്യാമ്പ് സെന്ററിൽ നടന്ന യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് 15-ാമതു സംസ്ഥാന വനിതാ ക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷിതത്വത്തെയും സംരക്ഷണത്തേയും ഉറപ്പാക്കുന്നതിനു പണിയുന്നതാണ് മതിൽ. രാജ്യത്തിന്റെ ഭരണഘടന സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ സ്ത്രീകൾ വനിതാ മതിൽ സൃഷ്ടിക്കാൻ മുന്നോട്ടിറങ്ങിയെങ്കിൽ ക്രിസ്തീയ വനിതകൾ ദൈവരാജ്യത്തിന്റെ പണികൾക്കും ദൈവവചനസത്യങ്ങളെ പ്രഘോഷിക്കാനും മുന്നോട്ടിറങ്ങണമെന്നും അദ്ദേഹം ഓർപ്പിച്ചു. ഇന്ന് അനേക കുടുംബങ്ങളുടേയും സഭയുടേയും മതിൽ ഇടിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ സഹോദരിമാർ ഉത്തരവാദിത്വത്തിലേയ്ക്കു മടങ്ങിവന്ന് ദൗത്യം ഏറ്റെടുത്ത് കർമ്മനിരതരാകാൻ ഉണരേണ്ടിയിരിക്കുന്നു എന്നും പറഞ്ഞു.

പാസ്റ്റർമാരായ സി.സി. തോമസ്, റെജി ശാസ്താംകോട്ട, സഹോദരിമാരായ സിസി ബാബു, മേഴ്സി തോമസ്, ഡോ. ആനി ജോർജ്ജ്, സിന്ധു ഗിരിജൻ, ഗിരിജാ സാം, ജെയ്നി ജെയിംസ് തുടങ്ങിയവർ പ്രസംഗിച്ചു. ഗാനപരിശീലനം, സന്ദേശങ്ങൾ, സാക്ഷ്യം, കൗൺസലിംഗ്, വചനധ്യാനം, താലന്തുപരിശോധന തുടങ്ങിയവ ഉണ്ടായിരുന്നു. "ഉണർന്നിരിപ്പീൻ, ഒരുങ്ങിയിരിപ്പീൻ, ബുദ്ധിയുള്ളവരായിരിപ്പീൻ" എന്നതായിരുന്നു ചിന്താ വിഷയം. എബൈഡ് ക്രിസ്ത്യൻ വോയ്സ് ഗാനങ്ങൾ ആലപിച്ചു. ലീലാമ്മ ശാമുവേൽ, പൊന്നമ്മ അലക്സാണ്ടർ എന്നിവർ നേതൃത്വം നൽകി.

## വത്സമ്മ ജോസിന് പുരസ്കാരം

**കോഴിക്കോട്:** കഴിഞ്ഞ വർഷം കേരളത്തിൽ നിപ വൈറസ് ബാധ സ്ഥിരീകരിച്ച ദിവസങ്ങളിൽ കോഴിക്കോട് മെഡിക്കൽ കോളേജ് പേ വാർഡിൽ നിപ വൈറസ് ബാധിച്ച രോഗികളെ രാപകലില്ലാതെ ശുശ്രൂഷിച്ച ഹെഡ്നേഴ്സ് പെന്തെക്കോസ്ത് മിഷൻ സഭാംഗമായ വത്സമ്മ ജോസിനു സ്തുത്യർഹമായ ആതുരശുശ്രൂഷയ്ക്ക് അവാർഡു ലഭിച്ചു. ആരോഗ്യ സാമൂഹ്യ നീതി, വനിതാ ശിശുവികസന വകുപ്പ് മന്ത്രി കെ. കെ. ശൈലജ നേഴ്സ് ദിനത്തിലാണ് അവാർഡ് നൽകിയത്.

നിപ വൈറസ് ഭീതി പരത്തിയപ്പോൾ കോഴിക്കോട് മെഡിക്കൽ കോളജിലെ വൈറസ് ബാധിതരെ സംരക്ഷിക്കുന്നതിനായി ആരോഗ്യ വകുപ്പ് തിരഞ്ഞെടുത്തത് വത്സമ്മയുടെ നേതൃത്വത്തിലുള്ള നേഴ്സുമാരെയായിരുന്നു. ജില്ലയിലെ വിവിധയിടങ്ങളിലായി 16 പേർ മരണത്തിനു കീഴടങ്ങിയിരുന്നു. മെഡിക്കൽ കോളജിലെത്തിയ രോഗികളെ സംഘം ഐസോലേഷൻ വാർഡുകൾ തയ്യാറാക്കി പരിചരിക്കുകയായിരുന്നു. ഭർത്താവ് ചേവായൂർ മുളംകുഴിയിൽ ജോസ് വർഗീസിനേയും ഏക മകൻ ബെൻ ജോസിനേയും ദൈവകരങ്ങളിൽ ഏൽപിച്ച് വത്സമ്മ രാപകലില്ലാതെ വൈറസ് ബാധിതരെ ശുശ്രൂഷിച്ചു. ദി പെന്തെക്കോസ്ത് മിഷൻ കോഴിക്കോട് സെന്റർ സഭാംഗമായ വത്സമ്മ സണ്ടേ സ്കൂൾ അധ്യാപികയാണ്.

അനേക ദൈവമക്കളുടെ പ്രാർത്ഥനയാണ് തന്റെ ഔദ്യോഗിക ജീവിതത്തിൽ പ്രത്യാശയോടെ ഇന്നു നില നിൽക്കുന്നതെന്ന് വത്സമ്മ പറഞ്ഞു. പ്രശസ്തിക്കും പുകഴ്ചയ്ക്കും വേണ്ടിയല്ല ആതുരസേവനം ചെയ്യേണ്ടത്, ക്രിസ്തുവിൽ മറഞ്ഞിരുന്നു ധൈര്യം നൽകിയ താലന്തുകൾ ദൈവനാമമഹത്വത്തിനായി ചെയ്യണമെന്ന് വത്സമ്മ പറഞ്ഞു.

ഉൾക്കാഴ്ച്ച



# അമ്മയുടെ സ്നേഹം



വി.എ. വർഗ്ഗീസ് നെല്ലിക്കമൺ
☎: 8547223879

അമ്മയുടെ സ്നേഹത്തെപ്പറ്റി വർണ്ണിക്കുവാൻ ആകാശമാകുന്ന പേപ്പറിൽ, വൃക്ഷങ്ങളാകുന്ന പേന കൊണ്ട് മഷി ആകുന്ന സമുദ്രത്തിൽ മുക്കി എഴുതിയാലും മതിയാകുന്നില്ല. ഒരു മാതാവ് കുഞ്ഞിനെ സ്നേഹിക്കുന്നതിൽ അതിര് ഇല്ല. നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കൾക്കുവേണ്ടി സ്വന്തം ജീവനെ നൽകി കാൽവറി ക്രൂശിൽ മൂന്നാണിയിൽ തൂങ്ങപ്പെട്ടതുപോലെ നമ്മുടെ മാതാക്കൾ സ്വന്തം മക്കൾക്കു വേണ്ടി കഷ്ടതകളും, ത്യാഗങ്ങളും അനുഭവിക്കുന്നു.

ഈ ലേഖനം എഴുതുമ്പോൾ എന്റെ ഓർമ്മയിൽ കൂടി കടന്നു വന്ന ഒരു സംഭവം ഓർക്കുന്നു. ഒരു ഭവനത്തിൽ മാതാവും, പിതാവും ഒരു മകളും പാർത്തിരുന്നു. ചില നാളുകൾക്കുശേഷം പിതാവ് ലോകത്തു നിന്നും മാറ്റപ്പെട്ടു. പിന്നീട് മാതാവും, മകളും മാത്രമായി. അച്ചന്റെ വേർപാടു നിമിത്തം കുടുംബം പുലർത്തുന്നതിന് മാതാവ് അടുത്തുള്ള ഭവനങ്ങളിൽ പോയി ജോലി ചെയ്യേണ്ടി വന്നു. ഒരു ദിവസം കുഞ്ഞിനെ തനിയെ ഭവനത്തിൽ ആക്കിയിട്ട് മാതാവ് അടുത്ത വീട്ടിൽ ജോലിക്കു പോയി. അല്പസമയം കഴിഞ്ഞപ്പോൾ മാതാവിന്റെ ഭവനത്തിന് തീ പിടിച്ചു. ഈ വിവരം മാതാവ് അറിഞ്ഞു. പെട്ടെന്ന് അവിടെ ഓടിയെത്തി. അവിടെ നിന്നവരോട് മാതാവ് ചോദിച്ചു, ഈ ഭവനത്തിനുള്ളിൽ ഒരു കുഞ്ഞുണ്ടായിരുന്നു, അതിനെ വെളിയിൽ എടുത്തോ? ഇല്ലാ എന്ന് മറുപടി ലഭിച്ചു. ഇത് കേട്ട സമയം മാതാവ് തീയിൽ കൂടി മുറിക്കുള്ളിൽ കടന്ന് കുഞ്ഞിനെ മാറോട് ചേർത്ത് വെളിയിൽ ഇറങ്ങി. തീയിൽ കൂടി വെളിയിൽ വന്നപ്പോൾ മാതാവിന്റെ കൈ, മുഖം എല്ലാം പൊള്ളി വികൃതമായി. കാലങ്ങൾ പിന്നിട്ടു, മകൾ വളർന്നു. ഒരു ദിവസം മകളും മാതാവും കൂടി ഒരു യാത്ര പോയി. യാത്രാമദ്ധ്യേ മകളുടെ കൂട്ടുകാരി ചോദിച്ചു, നിന്റെ അടുത്തു നിൽക്കുന്ന അമ്മച്ചി ഏതാണ്? മറുപടിയായി മകൾ പറഞ്ഞു, എന്റെ വീടിന്റെ അടുത്തു താമസിക്കുന്ന ഒരു അമ്മച്ചി ആണ് എന്ന്. ദേഹം എല്ലാം വികൃതമായതിനാൽ അവളുടെ അമ്മച്ചി എന്നു പറയുവാൻ ലജ്ജയായിപോയി. യാത്രാമദ്ധ്യേ അമ്മച്ചി മകളോടു ചോദിച്ചു മോളേ, ഞാൻ വീടിന്റെ അടുത്തുള്ള ഒരു അമ്മച്ചി എന്ന് എന്തിനു പറഞ്ഞു. തീയിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടി ഞാൻ മോളെ മാറോടു ചേർത്ത് അണച്ചു കൊണ്ട് തീയിൽ കൂടി വെളിയിൽ ഇറങ്ങി. മോളുടെ ശരീരം വികൃതമാകാമായിരുന്ന സ്ഥാനത്ത് എന്റെ ശരീരം വികൃതമാക്കി മാറ്റി. ഞാൻ മോൾക്കു വേണ്ടി കഷ്ടം സഹിച്ചു.

പ്രിയ ദൈവമക്കളേ, നമുക്കുവേണ്ടി കാൽവറി ക്രൂശിൽ മൂന്നാണിയിൽ തൂങ്ങപ്പെട്ട ദൈവത്തിന്റെ അടുക്കലേയ്ക്ക് നമുക്ക് വരാം. പെറ്റ തള്ള കുഞ്ഞിനെ മറന്നാലും മറക്കാത്ത ദൈവം നമുക്കായി ജീവിക്കുന്നു. എഫെ. 6 ന്റെ 2,3- നിനക്ക് നന്മ ഉണ്ടാകുവാനും ദീർഘായുസ്സ് ഉണ്ടാകുവാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്കാം. ഈ കല്പന മറന്നു പോകരുത്. അഖിലാണ്ഡത്തെ മുഴുവൻ സൃഷ്ടിച്ച ദൈവത്തെ മഹത്വപ്പെടുത്തുവാൻ നാളുപോരാ, നാവുപോരാ, ആയുസ്സുപോരാ എന്ന് പാട്ടുകാരൻ പാടിയിരിക്കുന്നു. ലോകം അതിന്റെ അവസാന ഘട്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അവന്റെ വരവിനായി നമുക്ക് ഒരുങ്ങി ജീവിക്കാം. ●

## സെന്റർ ശുശ്രൂഷകന്മാരുടെ സ്ഥലം മാറ്റം:

# ഐപിസി ഭരണഘടനാ ഭേദഗതി നീക്കം പരാജയപ്പെട്ടു

**കുമ്പനാട്:** ഐപിസിയിലെ സെന്റർ ശുശ്രൂഷകന്മാരുടെ സ്ഥലം മാറ്റം സംബന്ധിച്ച ഭരണഘടനാ ഭേദഗതി നിർദ്ദേശം പരാജയപ്പെട്ടു. സെന്റർ ശുശ്രൂഷകന്മാരുടെ സ്ഥലം മാറ്റത്തിനു എതിരായ രണ്ടു ഭരണഘടനാ ഭേദഗതികൾ പാസാകുന്നതിനു ഏപ്രിൽ 24നു കുമ്പനാട് കൂടിയ പൊതുയോഗം നിർദ്ദിഷ്ട ഭേദഗതികൾ തള്ളിക്കളഞ്ഞു.

നിലവിലുള്ള ഭരണഘടനപ്രകാരം സെന്റർ കൗൺസിൽ പ്രസിഡന്റ് (സെന്റർ പാസ്റ്റർ) അടക്കമുള്ള എല്ലാ ഭാരവാഹികളും ഒരേ തസ്തിക തുടർച്ചയായി മൂന്നു വർഷത്തിലധികം വഹിക്കാൻ പാടില്ലാത്തതാണ്. (ആർട്ടിക്കിൾ വകുപ്പ് ) അനുസരിച്ച് സെന്റർ ശുശ്രൂഷകനായ പ്രസിഡന്റിനു മൂന്നു വർഷത്തിൽ കൂടുതൽ പ്രസിഡന്റു സ്ഥാനം വഹിക്കാൻ കഴിയില്ല. ഇതിനു വിരുദ്ധമായി സ്ഥാനം തുടർന്ന ചില സെന്റർ ശുശ്രൂഷകർക്ക് കോടതിവിധിയിലൂടെ സ്ഥാനം നഷ്ടമായിരുന്നു. ചില സെന്ററുകളിൽ ഈ കാര്യത്തിൽ കേസുകൾ നിലവിലുണ്ട്. ഐപിസിയിലെ ബഹുഭൂരിപക്ഷം സെന്റർശുശ്രൂഷകർക്കും സ്ഥാനം നഷ്ടമായേക്കാമെന്ന സാഹചര്യം ഒഴിവാക്കുന്നതിനു ഭരണഘടനയിലെ ആ ഭാഗം ഭേദഗതി ചെയ്ത് നിർദ്ദിഷ്ട കാലാവധി ഒഴിവാക്കുന്നതിനു ലക്ഷ്യമിട്ടാണു ജനറൽ കൗൺസിൽ പൊതുയോഗം വിളിച്ചുചേർത്തത്.

ഇതും മറ്റു പല ഭരണഘടനാവശ്യങ്ങളുമുന്നയിച്ച് 2014-ൽ തിരുവല്ല മുൻസിഫ് കോടതിയിൽ നൽകിയ കേസ് വാദം നടന്നു കൊണ്ടിരിക്കുകയാണ്. ഇതിനിടെ സെന്റർ പാസ്റ്റർമാരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിനു ലക്ഷ്യമിട്ടുള്ള ഭേദഗതി നിർദ്ദേശമാണു പരാജയപ്പെട്ടത്. പ്രതീക്ഷയ്ക്കു വിപരീതമായി വലിയ കൂട്ടം പ്രതിനിധികളും പാസ്റ്റർമാരും പൊതുയോഗത്തിൽ എത്തിച്ചേർന്നിരുന്നു.

## എ.ജി. ഈസ്റ്റേൺ റീജിയൻ കൺവൻഷൻ



**ന്യൂയോർക്ക്:** അസംബ്ലീസ് ഓഫ് ഗോഡ് ഈസ്റ്റേൺ റീജിയൻ 30-ാമത് കൺവൻഷൻ ജൂൺ 28 മുതൽ 30 വരെ ക്വീൻസിലുള്ള സെന്റ് ജോൺസ് യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ നടക്കും. ഈ റീജിയനിലുള്ള എല്ലാ സഭകളുടെയും സംയുക്ത ആരാധനയും നടക്കും. തമിഴ്നാട് എ.ജി. സൂപ്രണ്ട് റവ. ഏബ്രഹാം തോമസ് മുഖ്യ പ്രസംഗകനായിരിക്കും. റവ.വിൽസൺ ജോസ് (പ്രസിഡന്റ്), തോംസൺ പള്ളിൽ (സെക്രട്ടറി), ഷാജി പെരിയാൻ (ട്രഷറർ), റവ.ജോൺകുട്ടി വർഗീസ് (വൈസ് പ്രസിഡന്റ്) എന്നിവർ റീജിയന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.







# യാത്രയയപ്പ് സമ്മേളനം

**വാഴൂർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരള റീജിയൻ കാപ്പുകാട് ഗിൽഗാൽ സഭയുടെ ശുശ്രൂഷകനും വാഴൂർ സെന്റർ മിനിസ്റ്ററുമായ പാസ്റ്റർ ലാലു തോമസിനും കുടുംബത്തിനും മെയ് 12-നു സെന്ററിലെ സഭകളുടെയും ഗിൽഗാൽ സഭയുടെയും സംയുക്താഭിമുഖ്യത്തിൽ സമുചിതമായ യാത്രയയപ്പ് നൽകി. പാസ്റ്റർ ജോമോൻ തോമസ് അദ്ധ്യക്ഷത വഹിച്ചു. സഭ സെക്രട്ടറി ജോൺ ദാനിയേൽ സ്വാഗതം പറഞ്ഞു. 2016-'19 കാലഘട്ടത്തിൽ പാസ്റ്റർ ലാലുവിന്റെ നേതൃത്വത്തിൽ ആത്മീയ കൂട്ടായ്മകളും പുത്രികാ സംഘടനകളുടെ പ്രവർത്തനങ്ങളും അനുഗ്രഹമായിരുന്നുവെന്ന് സഭാപ്രതിനിധികൾ പറഞ്ഞു. 15-ാം മൈൽ ഐ.ആർ.എ ചർച്ച് ശുശ്രൂഷകനും ക്രിസ്റ്റ്യൻ ഫോക്കസ് പബ്ലിഷറുമായ പാസ്റ്റർ സാബു എം. ജോസഫ്, പാസ്റ്റർമാരായ കെ.ഡി. മാത്യു, പി.സി. ഏബ്രഹാം, അനീഷ്, ജോർജ് വി. ഡേവിഡ്, യൂത്ത് പ്രവർത്തകരായ ഡാർബി ജോസ്, എബി ഫിലിപ്, അലൻ ഷിബു, സാബു കെ.എം., ഷിബു ജോൺ, ലേഡീസ് സമാജം പ്രതിനിധികളായ ലൗലിക്കുട്ടി ജോൺ, അൻസുമോൾ ഷിബു, സെലിൻ സാബു എന്നിവരും സഭാ വിശ്വാസികളും ആശംസകളറിയിച്ചു. സഭയിലെ മുതിർന്ന അംഗം കെ.ഡി. ദാവീദ്, പരേതനായ പാസ്റ്റർ റ്റി.സി. ജോസിന്റെ മാതാവ് റാഹേൽ എന്നിവരുടെ സാക്ഷ്യം ഹൃദയസ്പർശിയായിരുന്നു. സഭയുടെ സ്നേഹോപഹാരം സഭാസെക്രട്ടറി ജോൺ ദാനിയേൽ നൽകി. സഭാപ്രതിനിധികളും പുത്രികാ സംഘടനാ ഭാരവാഹികളും പാരിതോഷികങ്ങൾ നൽകി അനുമോദിച്ചു. പാസ്റ്റർ ലാലു തോമസ്, സഹധർമ്മിണി കൊച്ചുമോൾ ലാലു, മകളായ ലീനറ്റ് ഫേബാ ജോസഫ്, ലിമ തങ്കം ജോസഫ് എന്നിവർ യാത്രയയപ്പിനും അനുമോദനങ്ങൾക്കും നന്ദി പറഞ്ഞ് സംസാരിച്ചു. ലിഫിൻ ഫിലിപ് സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു. പെന്തക്കോസ്ത് സഭകളുടെ ഈറ്റില്ലമായ കുമ്പനാട്ടേയ്ക്ക് സ്ഥലംമാറി പോകുന്ന പാസ്റ്റർ ലാലു തോമസ് ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൗൺസിൽ അംഗവും ചാരിറ്റി ഡയറക്ടറുമാണ്.

# മനുഷ്യന്റെ പാപ ജീവിതവും ദൈവത്തിന്റെ ന്യായ വിധിയും

(തിരുരക്തം ഒഴുകിയത് അഞ്ചു കായങ്ങൾ വഴി മാത്രമോ? എന്ന പ്രധാന ശീർഷകത്തിലുള്ള ലേഖനത്തിന്റെ തുടർച്ച)



ഇവാ. പി.സി. തോമസ് മല്ലപ്പള്ളി
☎: 9249280482

'അതിക്രമം' എന്നാൽ എന്താണ്? അതിരുകടക്കുക, നിയമത്തെ മറികടക്കുക, വ്യവസ്ഥകളെ തെറ്റിക്കുക, എന്നൊക്കെ ഈ പദത്തെ അർത്ഥമാക്കാം. ഇന്ത്യയുടെ അതിരുകൾ മറികടന്ന് വരുമ്പോഴാണ് മറികടന്നുവരുന്ന രാജ്യക്കാരുമായി യുദ്ധം ഉണ്ടാകുന്നത്. മനുഷ്യർ വെയ്ക്കുന്ന അതിരുകൾ അവർ തന്നെ മറികടക്കുമ്പോൾ യുദ്ധവും മറ്റും ഉണ്ടാകുന്നുവെങ്കിൽ സകലത്തിന്റെയും സൃഷ്ടിതാവും ഉടയവനുമായിരിക്കുന്ന ദൈവം വെച്ചിരിക്കുന്ന അതിരുകൾ മറികടക്കുന്നവരെ ദൈവം ശിക്ഷിക്കാതെ വിടുമോ..? മനുഷ്യരെപ്പോലെ ഉടനടി പ്രതികാരം നടത്തിയില്ലായെങ്കിലും, മറികടന്നവർ തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കി മാപ്പു പറഞ്ഞില്ലെങ്കിൽ ദൈവീക പ്രതികാരത്തിൽനിന്ന് ഒരുത്തർക്കും രക്ഷപെടുവാൻ സാദ്ധ്യമല്ല. വിശുദ്ധ ബൈബിൾ ആദിയോടന്തം അതിന് തെളിവുകൾ നൽകുന്നു. കേവലം ഒരു തെളിവ് ഞാൻ ഓർപ്പിക്കട്ടെ : യിസ്രായേൽ രാജാവായിരുന്ന ദാവീദ് സകലത്തിലും ദൈവീക പ്രീതിയുള്ളവനായിരുന്നു. തന്റെ രാജ്യത്തേയും പ്രജകളേയും കാക്കുന്നവനും പരിപാലിക്കുന്നവനുമായിരുന്നു. അതിലുപരി ദൈവത്തെ ഭയപ്പെടുന്നവനും, ദൈവത്തെ ആരാധിക്കുന്നവനും, ദൈവകല്പനകൾ പാലിക്കുന്നവനുമായിരുന്നു. എന്നാൽ അനുതാപസങ്കീർത്തനങ്ങളിൽ 51-ാം സങ്കീർത്തനം രചിക്കാനുണ്ടായ സാഹചര്യം എന്തെന്ന് 2 ശമുവേൽ 11-ാം അദ്ധ്യായം മുതൽ 12-ാം അദ്ധ്യായം 20-ാം വാക്യം വരെ വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയും അതിൽ താൻ ലംഘനം, പാപം, അകൃത്യം, അതിക്രമം ഇവ ചെയ്തുവെന്ന് ദൈവത്തോട് പറയുന്നു. മാത്രമല്ല താൻ ചെയ്ത സകല തെറ്റുകൾക്കും ദൈവത്തോട് മാപ്പപേക്ഷിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ദാവീദിന്റെ ഭരണകാലത്ത് അമ്മോന്യരുമായി യിസ്രായേലിന് യുദ്ധം ഉണ്ടായി. സേനാനായകനായ യോവാബിന്റെ നേതൃത്വത്തിൽ അമ്മോന്യരുമായി യുദ്ധം നടക്കുമ്പോൾ രാജാവായ ദാവീദ് അരമനയിൽ സന്ധ്യാസമയത്ത് മാളികയിൽ ഉലാവിക്കൊണ്ടിരിക്കുന്ന സമയത്ത് തന്റെ പടയാളികളിൽ ഒരുവനായ ഹിത്യനായ ഊരിയാവിന്റെ ഭാര്യ ബത്ത്-ശേബ നീർച്ചാലിൽ കുളിക്കുന്നത് ശ്രദ്ധയിൽ പെട്ടു. അവൾ അതി സുന്ദരി ആയിരുന്നു. അവളുടെ സൗന്ദര്യത്തിൽ ഭ്രമിച്ചുപോയ ദാവീദ് ദൂതന്മാരെ അയച്ച് അവളെപ്പറ്റി അന്വേഷിക്കുകയും മറ്റൊരുവന്റെ ഭാര്യയാണെന്നറിഞ്ഞിട്ടും തന്റെ രാജാധികാരത്തിൽ അത് ദുർവിനിയോഗം ചെയ്ത് അവളെ രാജകല്പനയ്ക്കടിമയാക്കി തന്റെ ശയനമുറിയിലേയ്ക്ക് കൊണ്ടുവരികയും അവളുമായി വ്യഭിചാരം ചെയ്യുകയും ചെയ്തിട്ട് അവളെ മടക്കി അയച്ചു. ഇപ്പോഴും ഇത് ആവർത്തിക്കപ്പെടുന്നില്ലേ...? അരമനകളിലും സിംഹാസനങ്ങളിലും പാർത്തുകൊണ്ട് രാജാക്കന്മാരും നേതാക്കന്മാരും എന്നഭിമാനിക്കുന്നവർ എത്രയോ ബത്ത്-ശേബമാരെ തങ്ങളുടെ അധികാരത്തിൽ അടിമകളാക്കിക്കൊണ്ടിരിക്കുന്നു...! സഹികെടുമ്പോൾ ഇപ്പോൾ ചിലർ പ്രതികരിച്ചുകൊണ്ട് രംഗത്ത് വന്നുകൊണ്ടിരിക്കുന്നു.

ഈ പ്രവർത്തി എപ്പോൾ, ആര് ആരോട് ചെയ്തു എന്നുള്ളതാണ് ചിന്തിക്കേണ്ടത്...! രാജ്യവും അതിന്റെ സമ്പത്തും, പ്രജകളും അവരുടെ ജീവനും സംരക്ഷിക്കേണ്ട രാജാവായ ദാവീദ് ഇവകൾക്കെതിരെ ശത്രുസൈന്യം യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് "വേലി തന്നെ വിളവു തിന്നു" എന്ന കണക്കെ, രാജാവിനും രാജ്യത്തിനും വേണ്ടി സകല സുഖങ്ങളും ഉപേക്ഷിച്ച് ജീവൻ പണയം വെച്ച് ശത്രുവിനോട് പോരാടിയ തന്റെ സേവകന്റെ കുടുംബത്തോട് ഈ അപരാധം ചെയ്തത്. താൻ ചെയ്ത പാപത്തിന്റെ ഫലം വെളിപ്പെട്ടു എന്ന് തന്റെ ചെവിയിൽ എത്തിയപ്പോൾ അത് ഊരിയാവിന്റെ തലയിൽ കെട്ടി വെയ്ക്കാനുള്ള പദ്ധതി വിഫലമായെന്നു കണ്ടപ്പോൾ, കാമുകിയും കാമുകനും ചേർന്ന് ഭർത്താവിനെ കൊല്ലുന്നു എന്ന് കേട്ടുകൊണ്ടിരിക്കുന്നതുപോലെ അന്നും അത് സംഭവിച്ചു. ദാവീദിന്റെ കുടിലബുദ്ധി യോവാബ് നടപ്പിൽ വരുത്തി. അങ്ങനെ അമ്മോന്യരുടെ കയ്യാൽ ഊരിയാവ് കൊല്ലപ്പെട്ടു. ഭർത്തൃദുഃഖം തീർന്നപ്പോൾ ദാവീദ് ആളയച്ച് ബത്ത്-ശേബയെ അരമനയിലേയ്ക്ക് കൂട്ടി വരുത്തി ഭാര്യയായി സ്വീകരിച്ചു. അങ്ങനെ എല്ലാം ശുഭമായി എന്ന് കരുതിയിരിക്കുമ്പോഴാണ് രാജാക്കന്മാർക്ക് മീതെയുള്ള മഹാരാജാവും ഉന്നതന്മാർക്ക് മീതെയുള്ള അത്യുന്നതനും പരിശുദ്ധന്മാർക്ക് മീതെയുള്ള മഹാപരിശുദ്ധനും നീതിമാന്മാർക്ക് മീതെയുള്ള മഹാനീതിമാനുമായ ദൈവം തന്റെ ദാസനായ 'നാഥാൻ' പ്രവാചകൻ മുഖാന്തിരം ദാവീദിനോടും അവന്റെ പ്രവർത്തികളോടും പ്രതികരിച്ചത്.

സൃഷ്ടിയേക്കാൾ സ്രഷ്ടാവിനുള്ള ദീർഘക്ഷമ നിമിത്തം സൃഷ്ടികളിൽ മനുഷ്യവർഗ്ഗം മാത്രം സ്രഷ്ടാവിനെ ധിക്കരിക്കുന്നു. ഉടയവനെ ഭയപ്പെടുകയോ അനുസരിക്കുകയോ ചെയ്യുന്നില്ല. മനുഷ്യസൃഷ്ടിയുടെ ആരംഭം മുതൽ പാപത്തിൽ വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ മടങ്ങിവരവിനായി സ്രഷ്ടാവാം ദൈവം കാത്തിരിക്കുന്നു; അതാണ് അവിടുത്തെ ദീർഘക്ഷമ എന്നുള്ളത്. ഇപ്പോൾ, സകലത്തിനും അധികാരിയായിരിക്കുന്ന തന്റെ പുത്രനാം യേശുക്രിസ്തുവിന്റെ അവസാനതുള്ളി രക്തം വരെയും മനുഷ്യന്റെ വീണ്ടെടുപ്പിനുള്ള മറുവിലയായി ലോകത്തിൽ ഒഴുക്കിയത് മനുഷ്യന്റെ മടങ്ങിവരവിനായിട്ടത്രേ! ദൈവത്തിന്റെ നിത്യ ശത്രുവായ പിശാച് എന്ന സാത്താൻ ഏദെനിൽ വെച്ചു തന്നെ മനുഷ്യവർഗ്ഗത്തെ തന്റെ അടിമത്വത്തിലാക്കി. അതിൽ നിന്നും ഒരിക്കലും മനുഷ്യനെ വിട്ടുകൊടുക്കുകയില്ല എന്ന വാദവുമായി അലറുന്ന സിംഹം കണക്കേ ലോകത്തിൽ ചുറ്റി തിരിഞ്ഞ് നടന്ന് ലോകരാജ്യങ്ങളെ തന്നെ ദൈവത്തിൽനിന്നകറ്റി അവന്റെ കാൽക്കീഴാക്കിക്കൊണ്ടിരിക്കുന്നു. ഭരണവ്യവസ്ഥകളിലൂടെ, ഭരണാധിപന്മാരിലൂടെ അധികാരസ്ഥാനത്തിരിക്കുന്നവരിലൂടെ സാത്താൻ തന്റെ ഇച്ഛ നടത്തിക്കൊണ്ടിരിക്കുന്നു. ജീവനുള്ള സ്രഷ്ടാവാം ദൈവത്തെ അനുസരിക്കുന്നവരെ തകർത്തുകളവാനുള്ള ആയുധങ്ങളുമായി സാത്താനും അവന്റെ സൈന്യവും പോരാടിക്കൊണ്ടിരിക്കുന്നു. അതിൽ ഒരായുധമത്രേ നീതിയെ മറിച്ചുകളയുന്ന 'അധികാര ദുർവിനിയോഗം' എന്നുള്ളത്.

ദാവീദിന്റെ ജീവിതത്തിലും സംഭവിച്ചത് അതു തന്നേ. എന്നാൽ നീതിമാനായ ദൈവം രാജാവിന്റെ നീതിബോധത്തെ ഉണർത്തിക്കൊണ്ടു തന്നെ അവന്റെ തെറ്റിനെ നാഥാനിലൂടെ വെളിപ്പെടുത്തി. ധനികനായ മനുഷ്യൻ തനിക്ക് ധാരാളം ആടുകൾ ഉണ്ടായിരിക്കെ ദരിദ്രനായ അയൽക്കാരൻ ഓമനിച്ചുവളർത്തിയിരുന്ന തന്റെ ഏക ആട്ടിൻ കുട്ടിയെ ബലാൽക്കാരമായി പിടിച്ച് ധനികന്റെ വീട്ടിൽ വിരുന്നുവന്ന അതിഥിക്കായി അറുത്ത് പാകം ചെയ്ത് ഭക്ഷിച്ചത് നീതിയാണോ എന്ന നാഥാൻ പ്രവാചകന്റെ ചോദ്യത്തിനു മുമ്പിൽ ദാവീദിന്റെ നീതിബോധം ഉണർന്നു. "അവൻ ആരായാലും മരണശിക്ഷ ഏൽക്കണം" എന്ന രാജകല്പനയും പുറപ്പെടുവിച്ചു. ഉടനെ നാഥാൻ പ്രവാചകൻ പറഞ്ഞു "അത് നീ തന്നെ" എന്ന്. അപ്പോഴാണ് താൻ ചെയ്ത അനീതി തനിക്ക് പൂർണ്ണമായി വെളിപ്പെട്ടത്. ഉടനെ തന്നെ ദാവീദ് രാജവസ്ത്രം ഉരിഞ്ഞു വെച്ച് രട്ടിലും വെണ്ണീറിലും ഇരുന്ന് താൻ ചെയ്തു പോയ ലംഘനം, പാപം, അകൃത്യം, അതിക്രമം എന്നിവയുടെ വിടുതലിനായി ദൈവസന്നിധിയിൽ ആത്മതപനം ചെയ്ത് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ദൈവം തന്റെ പാപം ക്ഷമിച്ചു; എന്നാൽ മറ്റുള്ള തെറ്റുകൾക്കെന്തു സംഭവിച്ചു? ●

(തുടരും... )

## കവിത

# അനുസ്മരണം



ബെറ്റി പി. ബാബു

ഇഹലോകമിതാ സാത്താന്യ ശക്തിയാൽ
ആദിമുതൽ തൻ അനുസരണക്കേടിനാൽ
വഴുതിവീണിടവേ മനുഷ്യജാതികൾ തമ്മിൽ
പുലർത്തീടും സ്നേഹബന്ധങ്ങൾ
നിത്യവിശുദ്ധിയിൽ നിന്നിതാ അശുദ്ധിയിൽ
നികൃഷ്ടമായി മുന്നേറിടുന്നു
അതിൻ ഫലമായിതാ സൃഷ്ടി തൻ ആരംഭം മുതൽ
പെരുകീടുന്നു അകൃത്യങ്ങൾ ഓരോന്നായി
ക്ഷമാശീലനാകും സ്വർഗ്ഗീയ നാഥൻ തന്നിതാ
പാപമോചനമേകും ദൈവകൽപനകൾ
അനുസരണക്കേടിൻ ശിക്ഷയായ്
മരണം നാം ഏറ്റുവാങ്ങീടവേ...
പ്രിയരേ, ആകുമോ ശിക്ഷ പ്രാപിക്കാതിരിപ്പാൻ
നിത്യ സൗഭാഗ്യം ഒരുക്കി പ്രിയൻ
നമുക്കായി കാത്തുനിന്നീടുന്നു...
ദൈവ കൽപന തൻ ആയുധമാക്കി
നമുക്കൊരുങ്ങീടാം മണവാളനാകും
സ്വർഗ്ഗീയ നാഥനെ വരവേൽക്കാൻ....



## ശക്തി ലഭിച്ച സാക്ഷികളോ?

3-ാം പേജിൽനിന്നും തുടർച്ച

ചിന്താഗതിയും അവരുടെ ഇടയിൽ ഇല്ലായിരുന്നു എന്ന് ഇതിനർത്ഥമില്ല. അവയൊക്കെയും ആദിമ സഭയിലും കടന്നുകൂടി. എന്നാൽ ലേഖനങ്ങൾ വഴി, ഉപദേശങ്ങൾ വഴി അവയെ അപ്പോൾത്തന്നെ അപ്പോസ്തലന്മാർ തർജ്ജനം ചെയ്തിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. പാരമ്പര്യത്തിനും ജാതിക്കുമെല്ലാം അനുസൃതമായി സഭയിൽ വിവിധ പിരിവുകൾ ഉടലെടുക്കുകയല്ലേ? അവയെ തർജ്ജനം ചെയ്യുന്ന ലേഖനങ്ങളോ ഉപദേശങ്ങളോ ഒന്നും ഇന്നു സഭയിൽ കാണാനില്ല. പല സംഘടനകളുടെയും വ്യക്തികളുടെയും നിലനിൽപ്പിന് ഈ പിരിവുകൾ കൂടിയേതീരൂ എന്നതാണ് അതിന്റെ പിന്നിലെ രഹസ്യം. ദൈവസഭയെ ജാതിയുടെയും സംസ്കാരത്തിന്റെയും പേരിൽ വെട്ടിക്കീറുന്നവർ ആത്മനാഥന്റെ കാൽവറിയിലെ വ്യഥ ഒന്നോർത്തിരുന്നെങ്കിൽ... ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രമല്ലേ ഇന്നത്തെ സഭാനേതൃത്വം കൈക്കൊള്ളുന്നത്? 'ചേരുന്ന സഭയും ചേരുന്ന ശുശ്രൂഷകനെയും' കണ്ടെത്തുവാനുള്ള ശ്രമത്തിൽ ഒട്ടുമിക്ക സഭകളും 'ചേരുന്ന സഭയും ചേരുന്ന ശുശ്രൂഷകനും' ആയിത്തീർന്നില്ലേ? ഒരേ ലോക്കൽ സഭയിലും ഡിസ്ട്രിക്റ്റിലും ഒന്നിച്ചാരാധിക്കുവാനും അപ്പം നുറുക്കുവാനും അനുവാദമില്ലാത്തവർക്ക് ജനറൽ കൺവൻഷനിൽ ഭക്തി നിർഭരമായ കർത്തൃമേശ ഒരുക്കിക്കൊടുത്ത് ഒരേ അപ്പത്തിന്റെ അംശികളാകുന്നത് വിചിത്രമല്ലേ? മഹാനായ ഡി.എൽ. മൂഡിയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ: 'ആരെങ്കിലും മരിക്കുമ്പോൾ എത്ര വേഗത്തിലാണ് കുടുംബക്കാർ എല്ലാം ഒന്നിക്കുന്നത്?! അതിനാൽ എനിക്കും നിനക്കും വേണ്ടി ക്രിസ്തു മരിച്ച ക്രൂശിന്റെ സമീപത്ത് നാം ചേർന്നു വരുന്നു. അതു നമ്മെ അടുപ്പിക്കുന്നു. ഞാൻ നിങ്ങളുടെ രക്തബന്ധുവാണ്'. കൂട്ടുവിശ്വാസി എന്റെ രക്തബന്ധുവാണെന്ന കാഴ്ചപ്പാടിലേക്ക് സഭ കടന്നുവരാതെ ഈ രോഗത്തിനു ശമനമില്ല. വേദശാസ്ത്രത്തിനു പുതിയ മേഖലകൾ കണ്ടെത്തി അവയിൽ ഗവേഷണം നടത്തി പ്രഭാഷണങ്ങൾ നടത്തുകയും പ്രബന്ധങ്ങൾ തയാറാക്കി ബിരുദങ്ങൾ നേടുകയും ചെയ്യുന്നവർ എന്തുകൊണ്ടാണ് ക്രിസ്തു പഠിപ്പിച്ച സഹോദരസ്നേഹത്തിന്റെ ബാലപാഠത്തിൽ മൗനം അവലംബിക്കുന്നത്? ദൈവത്തിന്റെ സ്വന്തജനമായ യെഹൂദന് പുറജാതികളെ സ്വീകരിക്കുവാൻ ക്രിസ്തുവിന്റെ സ്നേഹത്തിൽ കഴിഞ്ഞെങ്കിൽ ജാതികൾ എന്ന കൂടക്കീഴിൽ കഴിയുന്ന ഭാരതത്തിലെ വിവിധ വിഭാഗക്കാരെ സഭയിൽ ഒന്നായി കാണുവാൻ എന്തുകൊണ്ട് നമുക്ക് കഴിയുന്നില്ല? ദൈവസഭയിലെ ജാതിപ്പോര് നിർത്തുവാൻ കഴിയുന്നില്ലെങ്കിൽ ദേശത്ത് നടമാടുന്ന ജാതിപ്പോരിനെതിരെ ദൈവത്തോട് പ്രാർത്ഥിക്കുവാൻപോലും നമുക്ക് അവകാശമില്ല.

(തുടരും)

ഭാവന



# യോനാ ഉപദേശി

തങ്കമ്മ എബ്രഹാം, പേരൂർക്കട

ഞാൻ ഒരു ഉപദേശി. പേര് യോനാച്ചൻ. സഭായോഗാനന്തരം വീട്ടിൽ പോകുന്ന വഴി, ഒരു ഭിക്ഷക്കാരൻ വഴിയരികെ തുണി വിരിച്ചിട്ട്, അതിനടുത്തിരിക്കുന്നതു കണ്ടു. എന്നെ കണ്ടപ്പോൾ സാറേ, വല്ലതും തരണേ എന്ന് ഉറക്കെ പറഞ്ഞു. ഞാൻ 10 പൈസാ ആ തുണിയിൽ ഇട്ടു കൊടുത്തു. അവന് അന്ന് ആദ്യം ആ 10 പൈസയാണ് കിട്ടിയത്. സന്തോഷത്തോടെ എടുത്ത് പോക്കറ്റിലിട്ടു. ഞാൻ വലിയ ധർമ്മം കൊടുത്ത മട്ടിൽ മുന്നോട്ടു നടന്നു. വീട്ടിൽ ചെന്ന ഉടൻ നല്ല ഭക്ഷണം കിട്ടി, കഴിച്ചു. ദൈവവചനം പറഞ്ഞ എനിക്കും ഭക്ഷണം കിട്ടി. എത്ര പേർ പട്ടിണി കിടക്കുന്നു എന്നു ചിന്തിച്ചു, വിശ്രമിക്കാൻ പായ് വിരിച്ചു. ഉറങ്ങാൻ തീരുമാനിച്ചു. ആത്മാവ് സംസാരിച്ചു, കിട്ടിയ ആഹാരത്തിന് നന്ദി പറഞ്ഞിട്ട് ഉറങ്ങിയാൽ മതി എന്ന്. ഞാൻ അനുസരിച്ചു, താഴെ പായ് ഇട്ടു അനേകർക്കുവേണ്ടി പ്രാർത്ഥിച്ചു ക്ഷീണിച്ചു, ഉറക്കം ആരംഭിച്ചു. കുറെ കഴിഞ്ഞപ്പോൾ ഉറക്കത്തിൽ ഒരു ശബ്ദം കേട്ടു, നിനവേ പട്ടണം നശിക്കുന്നു. നീ അവിടെ ചെന്ന് ജനത്തെ മാനസാന്തരപ്പെടുത്തണം. ആ പട്ടണവാസികളെ രക്ഷിക്കണം. ജനം നശിച്ചുകൊണ്ടിരിക്കുന്നു, ഇത്രയും കേട്ടു. കേട്ട മട്ട് കാണിക്കാതെ വീണ്ടും ഉറങ്ങി. നേരം വെളുത്ത് കുളിച്ച് ഭക്ഷണം കഴിച്ചു ഡ്രസ്സ് പെട്ടിയിൽ അടുക്കി. മഴക്കാലത്തായതിനാൽ ആദാമിന്റെ കാലത്തു വാങ്ങിയ പഴഞ്ചൻ കുടയും വച്ചു പെട്ടി പൂട്ടി. ഒരു രൂപായും കൈയ്യിൽ ഇല്ല. എന്നാലും ഗൾഫ് നാട്ടിലോ അമേരിക്കയിലോ പോകാൻ പറഞ്ഞില്ലല്ലോ. ഏതായാലും അമേരിക്കയ്ക്ക് പോകാൻ പ്ലാനിട്ട് വീട്ടിൽ നിന്ന് ഇറങ്ങി വഴിയിൽ ചെന്നു. ആ സമയം അമേരിക്കയ്ക്ക് പോകുന്ന ഒരു കപ്പൽ കണ്ടു, ഓടി കിതച്ചു ചെന്ന് കയറിപ്പറ്റി. രൂപാ ഒന്നും ഇല്ല, അതിനാൽ ആരും കാണാതെ കപ്പലിന്റെ അടിത്തട്ടിൽ കിടന്നു. ഉറക്കം നടിച്ചു, കൂർക്കം വലിച്ചു അഭിനയിച്ചു. ടിക്കറ്റ് കൊടുക്കാൻ തുടങ്ങി. എല്ലാവരും ടിക്കറ്റ് വാങ്ങിച്ചു. ഞാൻ കേൾക്കാത്ത മട്ടിൽ കിടന്നു.

ഈ കപ്പലിൽ ടിക്കറ്റ് വാങ്ങാത്തവർ ഉണ്ടോ. പല പ്രാവശ്യം വിളിച്ചു ചോദിച്ചു. ആരും മിണ്ടുന്നില്ല. കപ്പൽ അല്പം മുന്നോട്ടു നീങ്ങി. ആ സമയം കോളിളക്കവും കൊടുങ്കാറ്റും ഉണ്ടായി. കപ്പൽ മുങ്ങുന്ന അനുഭവം ജനത്തിന് ഉണ്ടായി. ഓരോ ജാതിക്കാർ ഭാഷക്കാർ അവനവന്റെ ദേവനോട് നിലവിളി തുടങ്ങി. (അള്ളാ രക്ഷിക്കണേ, യേശുവേ രക്ഷിക്കണേ, ഈശോയെ രക്ഷിക്കണേ) എല്ലായിടത്തുനിന്നും പ്രാർത്ഥന മുഴങ്ങി. കപ്പൽ മുങ്ങാറായി. ആരു മൂലം ആണ് കപ്പൽ മുങ്ങുന്നത് എന്നറിയാൻ സകലരുടേയും പേര് എഴുതി കുറി ഇട്ടു. കപ്പലിന്റെ അടിത്തട്ടിൽ ചെന്നപ്പം ഒരുത്തൻ കിടക്കുന്നു. നിന്റെ പേരെന്ത് ? നീ ആര്? നിന്റെ തൊഴിൽ എന്ത്? ഞാൻ നാടും വീടും വിട്ട് കർത്താവിന്റെ വേല ചെയ്യുന്ന ഒരു ഉപദേശി. കുറി ഇട്ടു, കുറി വീണു. ഞങ്ങൾ നിന്നെ എന്തു ചെയ്യണം? എന്നെ സമുദ്രത്തിൽ എറിയാൻ പറഞ്ഞു. ഉന്തി തള്ളി സമുദ്രത്തിൽ ഇട്ടു. ആഫ്രിക്കൻ പായൽ കൂടി കിടന്നതിന്റെ പുറത്തു പെട്ടിയുമായി ചെന്നു വീണു. കുറെ സമയം കഴിഞ്ഞ്, വല്ല കപ്പലും വന്നിടിച്ചു കൊല്ലും എന്നു ഭയന്നു അരികു ചേർന്നു കിടന്നു. ആ സമയം ഒരു തിമിംഗലം വന്ന് വിഴുങ്ങി. കടിച്ചു കൊന്നില്ല. മത്സ്യത്തിന്റെ വയറു നിറച്ചുണ്ട്. ചരിയത്തില്ല, ഇരിക്കത്തില്ല ശ്വാസംമുട്ടി വിഷമിക്കുന്നു. എന്തു ചെയ്യണമെന്നാലോചിച്ചു കണ്ടുപിടിച്ചു. ഉപദേശിയായിട്ട് ഉപവസിച്ചിട്ടില്ല, മൂന്ന് ദിവസം ഞാൻ ഉപവസിക്കാം എന്നെ രക്ഷിക്കണമെന്ന് കരഞ്ഞു പ്രാർത്ഥിച്ചു. നാരങ്ങാവെള്ളം കൊടുക്കാനോ ജീരകവെള്ളം കൊടുക്കാനോ ആരുമില്ല. ശരിക്ക് കരഞ്ഞു പ്രാർത്ഥിച്ചു ഉപവസിച്ചു, മത്സ്യം കരയ്ക്ക് ഛർദ്ദിച്ചു.

പെട്ടിയുമായി അല്പം നടന്നപ്പോൾ ജനം മൊബൈൽ ഫോണിൽ ഫോട്ടോ എടുത്തു. അനേകർ ഓടിക്കൂടി, ക്യാമറക്കാർ വന്ന് വലിയ മത്സ്യം ഒരുത്തനെ കരയിൽ ഛർദ്ദിച്ചതു എങ്ങനെയാണ് എന്നൊക്കെ ചോദ്യം മുറുകിയപ്പോൾ ഓട്ടം തുടങ്ങി നിനവെയിൽ ചെന്ന് മാനസാന്തരപ്രസംഗം നടത്താൻ. സ്ഥലം കണ്ടുപിടിച്ചു, ചന്ത മൈതാനം പോലീസ് സ്റ്റേഷനു സമീപം. സ്ഥലം വൃത്തിയാക്കി, മൈക്കും കാറും വാടകയ്ക്ക് എടുത്തു അതിൽ നാട്ടുകാരെ വിളിച്ചറിയിച്ചു. പ്രിയപ്പെട്ട നാട്ടുകാരേ, സഹോദരി സഹോദരന്മാരേ, ഇന്ന് രാത്രി 7 മണിക്ക് പോലീസ് സ്റ്റേഷനു സമീപം ചന്തമൈതാനത്ത് നശിച്ചു പോകുന്ന ആത്മാക്കൾക്കുവേണ്ടി മാനസാന്തര പ്രസംഗവും സംഗീതശുശ്രൂഷയും രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും കേട്ട് മാനസാന്തരപ്പെടുവിൻ.

സംഗീതശുശ്രൂഷ ആരംഭിച്ചു, ജനം തിങ്ങിക്കൂടി. പ്രസംഗം തുടങ്ങി. പലർക്കും രോഗം സൗഖ്യമായി, ഭൂരിപക്ഷം ജനം മാനസാന്തരപ്പെട്ടു, ചിലർ സ്നാനപ്പെട്ടു. നാളേയും വേണമെന്ന് ജനം ആവശ്യപ്പെട്ടു, ചിലവ് അവര് വഹിച്ചുകൊള്ളാം എന്ന്. പിറ്റേന്നും പ്രസംഗിച്ചു, ജനം നശിക്കാതെ അനുഗ്രഹം പ്രാപിച്ചു. യാത്ര പറഞ്ഞിറങ്ങിയപ്പോൾ പെരുമഴ കുട നിവർത്തി, കമ്പി ഒടിഞ്ഞു പിടലിയിൽ ഇരുന്നു. കോപിച്ച് ഒരേറ് കൊടുത്തു പിറുപിറുത്തുകൊണ്ടു നടന്നു. പുറകിൽ നിന്ന് ഒരു ശബ്ദം, ജനം നശിച്ചപ്പോൾ കോപിക്കാഞ്ഞതെന്ത്? കേട്ട സമയം ഓടി... ●

## പാസ്റ്റർ കെ.എം. ചെറിയാൻ വാഹനാപകടത്തിൽ മരണമടഞ്ഞു



**കായംകുളം:** ചർച്ച് ഓഫ് ഗോഡ് കായംകുളം സഭയുടെ ശുശ്രൂഷകനും മാവേലിക്കര ഡിസ്ട്രിക്ട് പാസ്റ്ററുമായ കെ.എം.ചെറിയാൻ (56) വാഹനാപകടത്തെ തുടർന്ന് കർത്തൃസന്നിധിയിൽ പ്രവേശിച്ചു. അദ്ദേഹം സഞ്ചരിച്ചിരുന്ന ബൈക്കിൽ എതിരെ വന്ന സ്കൂട്ടർ ഇടിക്കുകയും റോഡിലേക്ക് തെറിച്ചുവീണ അദ്ദേഹത്തെ ഉടൻ കായംകുളം താലൂക്ക് ആശുപത്രിയിലും ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ജൂൺ 3-ന് ഒരു പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കാനായി പോകുമ്പോൾ കായംകുളം തട്ടാരമ്പലം റോഡിൽ മുക്കവലയ്ക്കു സമീപത്തു വച്ചായിരുന്നു സംഭവം. സംസ്കാരം 7-നു കായംകുളത്തു സഭാ സെമിത്തേരിയിൽ പാസ്റ്റർ സി.സി.തോമസിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർ കെ. ജോസഫ് ശുശ്രൂഷകൾ നിയന്ത്രിച്ചു. പാസ്റ്റർമാരായ വർഗീസ് ജോണി, മാത്യു കോശി തുടങ്ങിയവർ വചനം ശുശ്രൂഷിച്ചു. റാന്നി വെച്ചൂച്ചിറ (മണ്ണടിശാല) കൈതപ്പറമ്പിൽ കുടുംബാംഗമാണ്. 1985 മുതൽ ചർച്ച് ഓഫ് ഗോഡ് സഭാ ശുശ്രൂഷകനായിരുന്നു. കനകപ്പലം പുത്തൂർ, പുലിയൂർ, പുമല, തൃക്കണ്ണമംഗൽ, മുളക്കുഴ, പത്തനംതിട്ട ടൗൺ, തണ്ണിത്തോട് എന്നിവടങ്ങളിലെ സഭകളിൽ ശുശ്രൂഷിച്ചിട്ടുണ്ട്. പയ്യനാമൺ ഡിസ്ട്രിക്ട് പാസ്റ്ററായും ശുശ്രൂഷിച്ചിട്ടുണ്ട്. നങ്ങ്യാകുളങ്ങര ആവണകുളത്ത് അമ്മുക്കുട്ടിയാണ് ഭാര്യ. മക്കൾ: അക്സ, കെസിയ, സാം. മരുമക്കൾ: റോബിൻ, ബിജു.



## ആരാധനയ്ക്കിടെ കുഴഞ്ഞുവീണു മരിച്ചു

**ഷാർജ:** ശാലേം അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമായ പത്തനാപുരം കറവൂർ സ്വദേശി എം.ജി. തോമസ് കുട്ടി (ജോസ് കറവൂർ-54) ജൂൺ ആറിനു ഷാർജ വർഷിപ് സെന്ററിൽ നടന്ന ഉപവാസപ്രാർത്ഥനയിലെ ആരാധനയ്ക്കിടെ കുഴഞ്ഞു വീണു മരിച്ചു. സിസിയാണ് ഭാര്യ. രണ്ട് പെൺമക്കൾ.

## ദൈവജനം വേർപെട്ടവരായിരിക്കണം

5-ാം പേജിൽനിന്നും തുടർച്ച

യായിട്ടാണ് കാണുന്നത്. പിതാക്കന്മാർ മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റ് മോശയോട് ചേർന്നു എന്നു കാണുന്നു.

പിൽക്കാലത്ത് വന്നിരിക്കുന്ന നാം സ്നാനം ഏറ്റ് ക്രിസ്തുവിനോട് ചേരുന്നു എന്നും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു എന്നും ഗലാത്യലേഖനത്തിൽ വായിക്കുന്നു. സ്നാനത്താൽ പഴയ മനുഷ്യനെ അവന്റെ പ്രവർത്തിയോടു കൂടെ കുഴിച്ചിട്ട് പുതിയ മനുഷ്യനെ ധരിക്കുക എന്നീ കാര്യങ്ങളും അടങ്ങിയിരിക്കുന്നു. ഇതും വേർപാടിന്റെ അവസ്ഥയാണ്.

അടുത്തതായി അവർ (യിസ്രായേൽ) സീനായിലേയ്ക്ക് വരുന്നു. അവിടെ ദൈവം അവർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ ആരെങ്കിലും പർവ്വതത്തിൽ തൊട്ടാൽ മരിക്കാതിരിക്കേണ്ടതിനായി അതിർ തിരിക്കേണം. കൂടാതെ മൂന്ന് ദിവസത്തെ ശരീരശുദ്ധീകരണം ഉള്ളവർ ആയിരിക്കേണം എന്നും ദൈവം കൽപിച്ചു. ഇത് ഒരു വിശുദ്ധീകരണത്തിന്റെ വേർപാട് ആണ്.

ദൈവത്തെ എതിരേൽക്കാൻ വന്നിരിക്കുന്നവർ സമ്പൂർണ്ണമായി വേർപെട്ടവരും വിശുദ്ധീകരിക്കപ്പെട്ടവരും ആയിരിക്കേണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

സീനായിയിൽ ദൈവം ഇറങ്ങിയത് പരിശുദ്ധാത്മാവിന്റെ നിഴലായിട്ടാണ് കാണുന്നത്. പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതായ ഒരു വ്യക്തിക്കു മാത്രമേ ലോകത്തെ സമ്പൂർണ്ണമായും വെറുത്ത് പരിശുദ്ധമായി ജീവിക്കുന്നതിന് സാധിക്കുകയുള്ളൂ.

വേർപാടിനെക്കുറിച്ച് വളരെ വിപുലമായി എഴുതാൻ ഉണ്ടെങ്കിലും സ്ഥലപരിമിതിയാൽ ചുരുക്കുന്നു. ഇനിയും സമാഗമനകൂടാരത്തെക്കുറിച്ച് പഠിക്കുമ്പോൾ ഈ കൂടാരം സ്വർഗ്ഗീയ സത്യങ്ങളുടെ നിഴലും സാദൃശ്യവുമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നു എന്നു കാണാം. 1. പാളയം വേർതിരിക്കണം. 2. പ്രാകാരം വേർതിരിക്കണം. 3. വിശുദ്ധസ്ഥലം വേർതിരിക്കണം. 4. അതി വിശുദ്ധസ്ഥലം വേർതിരിക്കണം. ഇതിൽ 1) പാളയം വേർതിരിക്കപ്പെടുന്നവരുടെ കൂട്ടം 2) പരിച്ഛേദന (മാനസാന്തരം) 3) കഴുകൽ (ജലസ്നാനം) 4) തൈലാഭിഷേകം (പരിശുദ്ധാത്മാവിന്റെ അഭിഷേകം).

ഇതിന്റെ പാളയത്തിലുള്ളവർ പരിച്ഛേദന ഏറ്റവർ ആയിരിക്കണം. വിശുദ്ധസ്ഥലത്ത് വരുന്നവർ സ്നാനം ഏറ്റവർ ആകുന്നു. അതിവിശുദ്ധസ്ഥലത്ത് പുരോഹിതൻ പ്രവേശിക്കുന്നു.

ആ വിധത്തിലുള്ള വ്യവസ്ഥയെക്കുറിച്ച് നാം പഴയനിയമത്തിൽ കാണുന്നു. മാനസാന്തരം-സ്നാനം-പരിശുദ്ധാത്മാഭിഷേകം-വേർപാട്-വിശുദ്ധീകരണം-പ്രതിഷ്ഠ-ജയജീവിതം ഈ വിധത്തിലുള്ള ദൈവീക സത്യങ്ങളെക്കുറിച്ചാകുന്നു നാം ഇതിൽ പഠിക്കുന്നത്. ഈ ദൈവീക സത്യത്തിന് നാം അനുസരണമുള്ളവരാകുമ്പോൾ നമ്മൾ ദൈവാലയമായിത്തീരും.

പഴയനിയമകാലത്തെ ആരാധനകൾ അക്ഷരീകമായിരുന്നു. അതിനെ കർത്താവ് ഉടച്ചുവാർത്ത് ആത്മീയമാക്കിയിരിക്കുന്നു. (എബ്രായർ 8 : 10) ഈ കാലം കഴിഞ്ഞശേഷം എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി എഴുതും. അവർ എനിക്ക് ജനവും ഞാൻ അവർക്ക് ദൈവവുമായിരിക്കും എന്നു വായിക്കുന്നു.

യിസ്രായേലിന് കനാനിൽ പ്രവേശിക്കുന്നതിന് ഈ വിധത്തിലുള്ള വേർപാട് ആവശ്യമായിരുന്നു എങ്കിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാനിരിക്കുന്ന നമുക്ക് വേർപാടിന്റെ സത്യങ്ങൾ അത്യന്താപേക്ഷിതമായിരിക്കുന്നു. ബിലയാം യിസ്രായേലിനെക്കുറിച്ച് പറയുന്നത്; ഇതാ തനിച്ച് പാർക്കുന്ന ജനം ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല എന്നത്രേ. ●

## നിത്യതയിൽ



### പാസ്റ്റർ കെ.ഇ. തോമസ്

**കോട്ടയം:** ഐപിസി കോട്ടയം സൗത്ത് സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ.ഇ. തോമസ് ജൂൺ 2നു നിത്യതയിൽ ചേർക്കപ്പെട്ടു. അരീപ്പറമ്പ് കാവുങ്കൽ ഈശോ-ശോശാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. വടവാതൂർ ശാലേം ബൈബിൾ കോളജിലും തലയോലപ്പറമ്പ് എബനേസർ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും ദൈവവചനം അഭ്യസിച്ചു. പഠന കാലയളവിൽ തന്നെ സഭാ ശുശ്രൂഷകനായി സേവനം ആരംഭിച്ചു. കോട്ടയം സെന്ററിലെ കുറിച്ചി, ഇല്ലിക്കൽ, ഞാലിയാകുഴി, തലപ്പാടി, കൊല്ലാട്, പുതുപ്പള്ളി, കൈതമറ്റം, മുട്ടമ്പലം തുടങ്ങിയ സഭകളിലും എറണാകുളം വളഞ്ഞമ്പലം ഹെബ്രോൻ സഭയിലും ശുശ്രൂഷിച്ചു. 2007-ൽ സെന്റർ പാസ്റ്ററായി. കോട്ടയം നോർത്ത്-സൗത്ത് സെന്ററുകളുടെ കോ-ഓർഡിനേഷൻ കമ്മറ്റി കൺവീനർ ആയിരുന്നു. ഐപിസി കോട്ടയം തിയോളജിക്കൽ സെമിനാരിയുടെ പ്രവർത്തനത്തിലും അദ്ദേഹം പങ്കുവഹിച്ചു.

സംസ്കാരം ജൂൺ 6നു ഐപിസി കോട്ടയം തിയോളജിക്കൽ സെമിനാരിയിലെ ശുശ്രൂഷയ്ക്കു ശേഷം മാങ്ങാനത്തുള്ള സെമിത്തേരിയിൽ പാസ്റ്റർ കെ.എം. ജോസഫ് നിർവ്വഹിച്ചു. സെമിനാരിയിലെ ശുശ്രൂഷയിൽ പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി. എബ്രഹാം, ഷിബു നെടുവേലിൽ, ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ഫിലിപ്പ് പി. തോമസ്, സാം ജോർജ്ജ്, കെ.സി. ശാമുവേൽ, സണ്ണി ജോർജ്ജ്, കെ.യു. ജോൺ, സണ്ണി അലക്സാണ്ടർ തുടങ്ങിയവർ പ്രസംഗിച്ചു.

ഭാര്യ: മണർകാട് വാണിയപ്പുരയ്ക്കൽ കുഞ്ഞുമോൾ. മക്കൾ: ജയമോൾ, ഫേബ. മരുമക്കൾ: ബിനു, വിപിൻ.

## ബത്തേരി പിപിഎഫ് ഉപവാസപ്രാർത്ഥന

**വയനാട്:** സുൽത്താൻ ബത്തേരി പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ് ഉപവാസപ്രാർത്ഥനാ യോഗം ജൂൺ 4-നു പ്രസിഡന്റ് പാസ്റ്റർ സാം തോമസിന്റെ അധ്യക്ഷതയിൽ അദ്ദേഹത്തിന്റെ കുപ്പാടിയിലെ ഭവനാങ്കണത്തിൽ നടന്നു. പാസ്റ്റർ കെ.ജെ. ഫ്രാൻസിസ് വചനം പ്രസംഗിച്ചു. പ്രെയർ കോ-ഓർഡിനേറ്റർ പാസ്റ്റർ എബ്രഹാം ദാനിയേൽ പ്രാർത്ഥനാ സെഷനു നേതൃത്വം നൽകി.

2019
JUNE
VOL. 4, ISSUE-6
Posted at RMS CHANGANACHERY

# CHRISTIAN FOCUS MONTHLY

Karukachal P.O., Kottayam Dist., Kerala-686 540
Phone: 0481 2488449, 09562247565, 08606695830
Annual subscription ₹ 120/- only

P.B. NO: 10
KARUKACHAL P.O.
KOTTAYAM, KERALA
PIN : 686 540
E-mail: christianfocusira@gmail.com

**കേരള പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം**

## പുരസ്കാര ജേതാക്കളെ പ്രഖ്യാപിച്ചു



ലൗലി ഷാജി



ഡോ. തോംസൺ



ജോസഫ് കുര്യൻ

**ന്യൂയോർക്ക്:** കേരള പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്ക നാഷണൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്രൈസ്തവ സാഹിത്യ രചനാ മത്സരത്തിൽ വിജയികളെ പ്രഖ്യാപിച്ചു. ബ്രദർ സി.എസ്.ജോർജ്ജ് (ന്യൂയോർക്ക്) എഴുതിയ 'ക്രിസ്തു ഇന്നെവിടെ, ക്രിസ്തീയ വിശ്വാസം എവിടെ വരെ' എന്ന ലേഖനം മലയാളം വിഭാഗത്തിലും സിസ്റ്റർ ലൗലി ഷാജി തോമസ് (ഡാളസ്) എഴുതിയ 'വെളിച്ചത്തിന്റെ മക്കളോ ഇരുളിന്റെ മക്കളോ' കവിതാ വിഭാഗത്തിലും 2019-ലെ കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം പുരസ്കാരത്തിനു അർഹത നേടി. പുസ്തകരചനയിലൂടെ ആത്മീയ സമൂഹത്തിനു നൽകിയ സംഭാവനകളെ പരിഗണിച്ച് ഡോ. തോംസൺ കെ. മാത്യു രചിച്ച 'What will your Tombstone say' എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിനും ബ്രദർ ജോസഫ് കുര്യൻ എഴുതിയ 'The Power of Prayer' എന്ന ഗ്രന്ഥത്തിനും പുരസ്കാരങ്ങൾ നൽകും. നയാഗ്ര എയർപോർട്ട് കൺവൻഷൻ സെന്ററിൽ നടക്കുന്ന മലയാളി പെന്തക്കോസ്ത് കോൺഫറൻസിൽ (PCNAK) വച്ച് പുരസ്കാരങ്ങൾ വിതരണം ചെയ്യും. റൈറ്റേഴ്സ് ഫോറം സമ്മേളനത്തോടനുബന്ധിച്ച് മാധ്യമ ശില്പശാല ഉണ്ടായിരിക്കും. പാസ്റ്റർ തോമസ് എം. കിടങ്ങാലിൽ (പ്രസിഡന്റ്), ഡോ.ഷിബു ശാമുവേൽ (വൈസ് പ്രസിഡന്റ്), ഡോ. സാം കണ്ണമ്പള്ളി (ജനറൽ സെക്രട്ടറി), ബ്രദർ വിൽസൺ തരകൻ (ജോ.സെക്രട്ടറി), പാസ്റ്റർ മനു ഫിലിപ്പ് (ട്രഷറർ), സിസ്റ്റർ ഏലിയാമ്മ വടകോട്ട് (ലേഡീസ് കോ-ഓർഡിനേറ്റർ) എന്നിവരാണ് കെ.പി.ഡബ്ല്യു.എഫ് ദേശീയ ഭാരവാഹികൾ.

## ഉപവാസപ്രാർത്ഥനയും വിടുതൽ ശുശ്രൂഷയും

**വാഴൂർ:** ഇന്ത്യാ റിവൈവൽ അസംബ്ലി 15-ാം മൈൽ സഭയിൽ മെയ് 20 മുതൽ 26 വരെ ഉപവാസ പ്രാർത്ഥനയും വിടുതൽ ശുശ്രൂഷയും നടന്നു. പാസ്റ്റർ സാബു എം. ജോസഫ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഒ.എം. ജോർജ്ജ്, ഷിബു ജോസഫ്, ജോൺ ചാക്കോ, ജേക്കബ് ദാനിയേൽ, മനോജ് പാമ്പാടി, ഷിജു പത്തനാട്, ജേക്കബ് ജോൺ മണർകാട്, സുവിശേഷകന്മാരായ പി.സി. തോമസ്, എം.ജെ. ചാക്കോ, കെ.ജെ. ബെന്നി എന്നിവർ ശുശ്രൂഷിച്ചു. സജോമോൻ സാബു, ദെബോര ജോസ് എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സുവിശേഷകന്മാരായ കെ.ജെ. ബെന്നി, പി.സി. റോബിൻ എന്നിവർ വിവിധ സെക്ഷനുകളിൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 26-ാം തീയതി ഞായറാഴ്ച നടന്ന സഭായോഗത്തിൽ കെ.ജെ. ബെന്നി സങ്കീർത്തനം വായിച്ച് പ്രബോധിപ്പിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ സാബു എം. ജോസഫ് കർതൃമേശയും സമാപന സന്ദേശവും നൽകി. സഭാസെക്രട്ടറി കെ.ജെ. ബെന്നി എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ ഉപവാസപ്രാർത്ഥന സമാപിച്ചു.




## സുവിശേഷ പ്രവർത്തനം

**വാഴൂർ:** ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ ജൂൺ 5-ാം തീയതി രാവിലെ 11 മണി മുതൽ ഐആർഎ 15-ാം മൈൽ സഭയുടെ പരിസരപ്രദേശങ്ങളായ കരിപ്പക്കല്ല്, പാറേമാക്കൽ, അമ്പാട്ടുപടി എന്നീ സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തി. പാസ്റ്റർ ഒ.എം. ജോർജ്ജ്, ഇവാ. പി.സി. തോമസ് എന്നിവർ പ്രവർത്തനത്തിന് നേതൃത്വം നൽകി.

## 'നോ ഫെയ്ത്ത് കമ്മിറ്റ്മെന്റ്' കരാർ; ചൈനയിൽ പുതിയ തൊഴിൽ നിയമം

**ബെയ്ജിംഗ്;** രാജ്യത്ത് മതവിശ്വാസികൾ പെരുകുന്നുവെന്ന കണ്ടെത്തലിനെ തുടർന്ന് കടുത്ത മതസ്വാതന്ത്ര്യലംഘന നടപടികളിലേയ്ക്ക് നീങ്ങുന്ന ചൈന മതവിഷയത്തിൽ കർക്കശ നിലപാടുകളുമായി വീണ്ടും രംഗത്ത് വന്നു. രാജ്യത്ത് ഏതെങ്കിലും സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കും മുമ്പ് 'നോ ഫെയ്ത്ത് കമ്മിറ്റ്മെന്റ്' കരാറിൽ ഒപ്പ് വെയ്ക്കണമെന്നാണ് പുതിയ തന്ത്രം.

ജോലി വേണമെങ്കിൽ വിശ്വാസം ഉപേക്ഷിക്കണം എന്ന നിലയിലേയ്ക്കാണ് രാജ്യത്ത് സർക്കാർ നടപടികൾ നീങ്ങുന്നതെന്ന് ചൈനയിൽ നിന്നുള്ള പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. രാജ്യത്ത് ക്രൈസ്തവ വിശ്വാസം കൈവരിക്കുന്ന വളർച്ച തന്നെയാണ് ഈ നടപടിക്ക് ചൈനയെ പ്രേരിപ്പിക്കുന്നതെന്നാണ് നിരീക്ഷകരുടെ അഭിപ്രായം. തങ്ങൾ മതവിശ്വാസം ഉപേക്ഷിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തലാണ് 'നോ ഫെയ്ത്ത് കമ്മിറ്റ്മെന്റ്' കരാറിൽ ഒപ്പ് വയ്ക്കുന്നതിലൂടെ ഭരണകൂടം ലക്ഷ്യമിടുന്നത്. ഒപ്പ് വെയ്ക്കാത്ത പക്ഷം ജോലി നഷ്ടപ്പെടുമെന്നും ദീർഘ വർഷങ്ങളായി ചെയ്ത് വരുന്ന ജോലി പോലും ഇല്ലാതാവുമെന്നും പിന്നീട് ജോലിക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നും ഇത് സംബന്ധിച്ച നിബന്ധനകളിൽ പറയുന്നു. വിശ്വാസ വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ചൈനയിലെ ഒരു ഗ്രാമത്തിൽ കിന്റർഗാർട്ടനിലെ കുട്ടികൾ ദൈവനിന്ദാ കരാറിൽ ഒപ്പു വയ്ക്കണമെന്ന വിവാദ തീരുമാനം വന്നതിന് തൊട്ട് പിന്നാലെയാണ് സർക്കാരിന്റെ പുതിയ നീക്കം. രാജ്യത്തെ ക്രൈസ്തവവിശ്വാസികളെ തങ്ങളുടെ മതവിശ്വാസങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുകയാണ് ഈ നടപടിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു. ജീവിത പ്രാരാബ്ദങ്ങൾ മൂലം മതമില്ലാത്തവരായി ജീവിക്കാൻ പുതുതലമുറ തയാറാകുമെന്നും ഭരണകൂടം കണക്ക് കൂട്ടുന്നു. കൂടാതെ ക്രൈസ്തവ ഉദ്യോഗസ്ഥരെ മതിയായ കാരണങ്ങളില്ലാതെ ജോലിയിൽ നിന്ന് പിരിച്ചു വിടുന്നത് ഇപ്പോൾ പതിവായിരിക്കുകയാണ്. ആരാധനാലയങ്ങളിൽ പതിവായി പോകുന്നതു മൂലവും പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തുന്നതിനാലും സൂപ്പർ മാർക്കറ്റുകളിൽ ജോലി ചെയ്യുന്നവരെ പിരിച്ച് വിടുന്നത് നിത്യസംഭവമായിരിക്കുകയാണെന്നാണ് റിപ്പോർട്ട്. ക്രൈസ്തവ ശുശ്രൂഷകരേയും വിശ്വാസികളേയും തട്ടിക്കൊണ്ട് പോകുന്നതും തടങ്കലിൽ പാർപ്പിക്കുന്നതും ഇവിടെ ഇപ്പോൾ സാധാരണമായിരിക്കുകയാണ്. എന്നിട്ടും ക്രൈസ്തവ വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നതായാണ് കണക്ക്. അതുകൊണ്ട് ഇനിയും മതവിശ്വാസികൾക്ക് നേരെ കുതന്ത്രങ്ങൾ മെനയാൻ ചൈനീസ് ഭരണകൂടം ശ്രമിച്ച് കൊണ്ടേയിരിക്കും എന്നാണ് നിരീക്ഷകർ കണക്കാക്കുന്നത്.

*Printed and published by Sabu M. Joseph on behalf of India Revival Assembly Trust. Printed at Mangalam Publications (India) Pvt.Ltd., S.H. Mount P.O., Kottayam-686006, Kerala*
*Published from IRA Head Office, Karukachal P.O., Kottayam Dist., Kerala-686 540. Editor: Varghese P. Joseph. Layout & Design: Press Graphix, Sulthan Bathery @ 9744686596*